**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **14-01-2021 - ൽ മറുപടിയ്ക്ക്**

**പിറവം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. K. Krishnankutty (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിറവം നിയോജക മണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2016 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മേജർ, മൈനർ ഇറിഗേഷൻ ഡിവിഷൻ എറണാകുളം മുഖേന പിറവം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. പിറവം നിയോജകമണ്ഡലത്തിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് എന്നീ പദ്ധതികളിലായി 2016-17, 17-18, 18-19, 19-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. കെ.ആർ.ഡബ്ല്യൂ.എസ്സ്.എ (ജലനിധി) യുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 850 ഗുണഭോക്താക്കളുടെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്ന പദ്ധതി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതിനോടകം 250 കുടുംബങ്ങളിൽ പദ്ധതി നടപ്പിലാക്കി. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മഴവെള്ളം കടത്തിവിടുന്നതിലൂടെ കിണറുകളിൽ സ്ഥായിയായി ജലം ലഭ്യമാക്കുന്നതിന് സഹായകരമാകുന്നതാണ്. കൊനോത്തുപുഴയ്ക്ക് കുറുകെ ലോകോട്ടു കൂടിയ റെഗുലേറ്ററിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും 25.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി KIIDC മുഖേന ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മേജർ, മൈനർ ഇറിഗേഷൻ ഡിവിഷൻ എറണാകുളം മുഖേന പിറവം മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. പിറവം നിയോജകമണ്ഡലത്തിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ്, പെരിയാർവാലി ഇറിഗേഷൻ പ്രോജക്റ്റ് എന്നീ പദ്ധതികളിലായി 2016-17, 17-18, 18-19, 19-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. കെ.ആർ.ഡബ്ല്യൂ.എസ്സ്.എ (ജലനിധി) യുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 850 ഗുണഭോക്താക്കളുടെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്ന പദ്ധതി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതിനോടകം 250 കുടുംബങ്ങളിൽ പദ്ധതി നടപ്പിലാക്കി. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മഴവെള്ളം കടത്തിവിടുന്നതിലൂടെ കിണറുകളിൽ സ്ഥായിയായി ജലം ലഭ്യമാക്കുന്നതിന് സഹായകരമാകുന്നതാണ്. കൊനോത്തുപുഴയ്ക്ക് കുറുകെ ലോകോട്ടു കൂടിയ റെഗുലേറ്ററിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും 25.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി KIIDC മുഖേന ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ